(ബി) അഴിമതി കർശനമായി നേരിടാൻ നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് അഴിമതി സംബന്ധിച്ച കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. ആരോപണ വിധേയരാകുന്നവരുടെ പദവിയോ, ആരോപണ കർത്താവിന്റെ ഉദ്ദേശ്യ ശുദ്ധിയോ നോക്കാതെ നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി മന്ത്രിമാരുടെ പേരിലുള്ള ആരോപണങ്ങളും അന്വേഷണ വിധേയമാക്കിയിട്ടുണ്ട്.

(സി) ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളിൽ നിയമം അനുശാസിക്കുന്ന രീതിയിൽ നടപടികൾ സ്വീകരിക്കാറുണ്ട്.

മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ്

273 (277) ശ്രീ. എ. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട് ; മന്ത്രിമാരുടെ പേരും വിശദാംശങ്ങളും വ്യക്തമാക്കുമോ ; ഓരോ അന്വേഷണവും എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് വിജിലൻസ് കോടതികൾ ഉത്തരവിട്ടുണ്ട് ; മന്ത്രിമാരുടെ പേരും കേസ്സിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം മന്ത്രിമാർക്കെതിരെ വിവിധ കോടതികളും ലോകായുക്തയും അന്വേഷണത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇപ്പോഴത്തെ മന്ത്രിസഭയിൽ വിജിലൻസ് കേസുകളിൽ അന്വേഷണം നേരിടുന്ന മന്ത്രിമാരുടെ പേരും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. ശ്രീ. അടൂർ പ്രകാശ് (കുറ്റാരോപിതൻ - 1):

2004-06 കാലയളവിൽ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരുന്ന സമയത്ത് ശ്രീ. വി. രാജുവുമായി (കുറ്റാരോപിതൻ - 2; മന്ത്രിയുടെ പേഴ്സണൽ സെക്രട്ടറി) ചേർന്ന് ഔദ്യോഗിക പദവി ദുർവിനിയോഗം നടത്തി റേഷൻ കടകൾക്കുവേണ്ടി (Authorised Wholesale Dealer) അപേക്ഷിച്ച ശ്രീ. അബ്ദുൾ റഹ്മാൻ എന്നയാളിൽ നിന്നും 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസ്. (വി.സി.02/2008/എൻ.ആർ.കെ) 20-2-2008-ൽ രജിസ്റ്റർ ചെയ്യുകയും ഈ കേസിന്റെ കുറ്റപത്രം 28-2-2011-ൽ സമർപ്പിക്കുകയും അതിനു ശേഷം അന്വേഷണ ഏജൻസിയുടെ അപേക്ഷയെ തുടർന്ന് തുടരന്വേഷണത്തിന് (Further Investigation) കോഴിക്കോട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് ഉത്തരവിടുകയും ചെയ്തു. തുടരന്വേഷണം പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. ശ്രീ. കെ. എം. മാണി:

ബാർ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. കെ.എം. മാണി, ധനകാര്യ വകുപ്പുമന്ത്രി ഒരു കോടി രൂപ കോഴ വാങ്ങിയെന്ന ആരോപണത്തിൽ ഒരു വിജിലൻസ് കേസ് (വി.സി. 06/2014 എസ്.ഐ.യു -I) 10-12-2014-ൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

3. ശ്രീ. പി. ജെ. ജോസഫ്:

1997-ൽ റവന്യൂ വകുപ്പുമന്ത്രിയായിരിക്കെ ഫോറസ്റ്റ്/റവന്യൂ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തി ഗ്രീൻബർഗ് റിസോർട്ട് അതോറിറ്റി (കുളമാവ്, ഇടുക്കി ജില്ല) ഉടമയ്ക്ക് വനം കയ്യേറാൻ അനുമതി നൽകുകവഴി പ്രസ്തുത റിസോർട്ട് ഉടമയ്ക്ക് സാമ്പത്തിക ലാഭമുണ്ടാക്കിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് കോടതി ഉത്തരവ് പ്രകാരം ഒരു വിജിലൻസ് കേസ് (വി.സി.05/2012/ഇ.ആർ.കെ) 5-10-2012-ൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

(ബി&സി) കേരള മോട്ടോർ വാഹന വകുപ്പിൽ ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് എന്നവകാശപ്പെട്ട സുവനീർ പ്രസിദ്ധീകരിക്കുന്നതിനായി ഗതാഗത വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അനുമതിയോടെ മാനദണ്ഡങ്ങൾ പാലിക്കാതെ ക്വപ്പണുകൾ അടിച്ച് മോട്ടോർ വാഹന ഉടമകളിൽ നിന്നും വൻതുക പിരിച്ചെടുക്കുന്നതായ ആരോപണം സംബന്ധിച്ച് ശ്രീ. ജോൺസൺ പടമാടൻ, പ്രസിഡന്റ്, കേരള ബസ് ടാൻസ്പോർട്ട് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ഫയൽ ചെയ്ത് സി.എം.പി. 367/2015 എന്ന പരാതിയിൽ ബഹുമാനപ്പെട്ട തൃശ്ശൂർ വിജിലൻസ് കോടതിയുടെ 10-3-2015-ലെ ഉത്തരവിൻപ്രകാരം ബഹുമാനപ്പെട്ട ഗതാഗതവും വനവും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർക്കെതിരായി ഒരു പ്രാഥമിക അന്വേഷണം (Preliminary Enquiry) സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് II-ലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമ്പാകെ നടത്തിവരുന്നു. മറ്റ് കോടതികളോ, ലോകായുക്തയോ മന്ത്രിമാർക്കെതിരെ അന്വേഷണത്തിന് വിജിലൻസിന് നിർദ്ദേശം നൽകിയിട്ടില്ല.

മുൻമുഖ്യമന്ത്രിയുടെ ബന്ധുവിന് ഭൂമി അനുവദിച്ച കേസിന്റെ അന്വേഷണം

274 (278) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെകാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly